കെ1- 3675/2021

**മഴക്കാല മുന്നൊരുക്കങ്ങളുടെ ഭാഗമായി സ്വീകരിക്കേണ്ട മുൻകരുതൽ നടപടികൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ബഹു. പട്ടികജാതി / പട്ടികവർഗ്ഗ വികസന പിന്നോക്കക്ഷേമ ദേവസ്വം വകുപ്പ് മന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ, ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. ആർ. ബിന്ദു, ജില്ലയിലെ ബഹു. എം.എൽ.എ. മാർ, ബഹു. കോർപ്പറേഷൻ മേയർ, ബഹു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് എന്നിവരുടെ സാന്നിദ്ധ്യത്തിൽ ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 23.05.2021 തീയതിയിൽ രാവിലെ 11.00 മണിക്ക് വീഡിയോ കോൺഫറൻസ് മുഖേന കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്.**

യോഗത്തിൽ എല്ലാ വകുപ്പുകളുടെയും ജില്ലാ ഓഫീസർമാർ, തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

ജില്ലാകളക്ടർ യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് നിർദ്ദേശങ്ങൾ അറിയിക്കുന്നതിനായി ബഹു. പട്ടികജാതി/പട്ടികവർഗ്ഗ വികസന പിന്നോക്കക്ഷേമ ദേവസ്വം വകുപ്പ് മന്ത്രിയെ അദ്ധ്യക്ഷൻ ക്ഷണിച്ചു.

<u>ശ്രീ. കെ. രാധാകൃഷ്ണൻ, ബഹു. പട്ടികജാതി/പട്ടികവർഗ്ഗ വികസന പിന്നോക്കക്ഷേമ ദേവസ്വം വകുപ്പ് മന്ത്രി</u>

പുതിയ സർക്കാർ ചുമതലയേറ്റ് ജില്ലയിൽ നടത്തുന്ന ആദ്യത്തെ യോഗമാണിത്. കോവിഡ് പ്രതിരോധത്തിൽ തൃശൂർ ജില്ല മാതൃകാപരമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. എല്ലാ പ്രതിരോധ പ്രവർത്തനങ്ങളിലും എല്ലാ വകുപ്പുകളുടെയും ഏകോപനം ഉണ്ടാകണം. മൺസൂൺ കൂടുതലായി ബാധിക്കുന്നത് കർഷകരെയാണ്. ആയതിനാൽ കർഷകരുടെ നഷ്ടങ്ങൾ ലഘൂകരിക്കാനുള്ള സംവിധാനം ഉണ്ടാകണം. വൈദ്യുതി വിതരണ മേഖലയുമായി ബന്ധപ്പെട്ട് അപകടങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്. ഇക്കാര്യത്തിൽ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകണം. പട്ടികജാതി / പട്ടികവർഗ്ഗ കോളനികളിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ഇവിടങ്ങളിൽ ഭക്ഷ്യധാന്യങ്ങളുടെ കുറവ് ഉണ്ടാകാൻ സാധ്യതയുണ്ട്. എല്ലാ വിഭാഗം ജനങ്ങളെയും യോജിപ്പിച്ചുകൊണ്ട് പരിമിതികൾ മറികടന്ന് പ്രവർത്തിക്കാൻ സർക്കാർ വകുപ്പുകൾക്ക് കഴിയണം. നിയോജകമണ്ഡലാടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിക്കൊണ്ട് കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തുന്നത് പ്രതിരോധപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് സഹായകരമായിരിക്കും.

<u>പ്രൊഫ. ആർ. ബിന്ദു, ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി</u>

ശുചീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണം. തോടുകളിലെയും നീർച്ചാലുകളിലെയും തടസ്സങ്ങൾ നീക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകണം. മുൻകാലങ്ങളിൽ വെള്ളം കയറിയ ഭാഗങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തി മാറ്റിപ്പാർപ്പിക്കേണ്ട കുടുംബങ്ങളെ

മാറ്റിപ്പാർപ്പിക്കണം. ഇല്ലിക്കൽ റെഗുലേറ്ററിനുണ്ടായിട്ടുള്ള തകരാർ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ ഇറിഗേഷൻ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകണം.

തുടർന്ന് സംസാരിച്ച ബഹു. എം.എൽ.എ.മാരും മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാരും താഴെ പറയുന്ന കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്ന് നിർദ്ദേശിച്ചു.

- കടൽഭിത്തി ഇല്ലാത്ത തീരമേഖലകളിൽ അടിയന്തരമായി ജിയോബാഗുകൾ സ്ഥാപിക്കുകയും ടൗട്ടേ ചുഴലിക്കാറ്റുമൂലമുള്ള കടൽക്ഷോഭം നിമിത്തം സ്ഥാനം തെറ്റി കിടക്കുന്ന ജിയോബാഗുകൾ പുനഃക്രമീകരിക്കുകയും ചെയ്യുക.
- വീട് നഷ്ടപ്പെട്ടവരെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുകയും നിലവിൽ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് അടിയന്തരമായി പണം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.
- വീട് നഷ്ടപ്പെട്ട് വാടകക്ക് താമസിക്കുന്നവർക്ക് വാടക നൽകാമോ എന്ന കാര്യം പരിശോധിക്കുക.
- തീരമേഖലകളിൽ കടലാക്രമണത്തെ തുടർന്ന് മണൽ കയറി അടഞ്ഞ തോടുകളിലെ മണൽ അടിയന്തരമായി നീക്കം ചെയ്യുക.
- വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പുകൾ ഉടനടി പുനഃസ്ഥാപിക്കുക.
- തോടുകളിലെയും നീർച്ചാലുകളിലെയും സ്വാഭാവിക നീരൊഴുക്കിനെ തടസ്സപ്പെടുത്തുന്നവിധത്തിലുള്ള എല്ലാവിധ നിർമ്മിതികളും പൊളിച്ചുനീക്കുക.
- പുന്നയൂർക്കുളം പഞ്ചായത്തിലെ കോൾപ്പടവിലുള്ള കെഎൽഡിസി കനാൽ ബണ്ടിന്റെ ഒരു വശം ഉയരം കൂട്ടുക.
- ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്ന ഷണ്മുഖം കനാൽ വൃത്തിയാക്കുന്ന പ്രവൃത്തി ഉടൻ പൂർത്തിയാക്കുക.
- അപകടാവസ്ഥയിലുള്ള മരങ്ങളും ശിഖരങ്ങളും മുറിച്ചുമാറ്റുക.
- പാറളം പഞ്ചായത്തിലെ ആഫ്രിക്കൻ ഒച്ചിന്റെ ശല്യം ഇല്ലാതാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.
- കോൾച്ചാലുകളിൽ സ്ഥാപിച്ചിട്ടുള്ള മീൻ പത്തായങ്ങൾ, വലകൾ ഉടനടി നീക്കം ചെയ്യുക.
- പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ റോഡ് അറ്റകുറ്റപ്പണികളും കാന വൃത്തിയാക്കലും ഉടൻ പൂർത്തീകരിക്കുക.

തുടർന്ന് സംസാരിച്ച യോഗാദ്ധ്യക്ഷനായ ബഹു. റവന്യൂ വകുപ്പ് മന്ത്രി ഉദ്യോഗസ്ഥർക്ക് താഴെ പറയുംപ്രകാരമുള്ള നിർദ്ദേശങ്ങൾ നൽകി. കോവിഡ് മാനദണ്ഡപ്രകാരമാകണം ക്യാമ്പുകൾ ഒരുക്കേണ്ടത്. നിയോജകമണ്ഡലാടിസ്ഥാനത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നോഡൽ ഓഫീസർമാരെ നിയമിക്കുകയും, നോഡൽ ഓഫീസർമാർ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിക്കൊണ്ട് കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് പ്രവൃത്തി പുരോഗതി വിലയിരുത്തേണ്ടതുമാണ്. നോഡൽ ഓഫീസർമാർ മണ്ഡലത്തിൽ നടത്തുന്ന എല്ലാ

പ്രതിരോധ പ്രവർത്തനങ്ങളെ സംബന്ധിച്ചും അപ്പപ്പോൾ ബഹു. എംഎൽഎമാരെ അറിയിക്കേണ്ടതാണ്. . പൊതുമരാമത്ത് കാനകൾ വൃത്തിയാക്കുന്ന പ്രവൃത്തി ഒരാഴ്ചക്കുള്ളിൽ പൂർത്തിയാക്കണം: അപകടാവസ്ഥയിലുള്ള മരങ്ങളും ചില്ലകളും മുറിച്ചുമാറ്റുന്നതിനായി ലഭിക്കുന്ന അപേക്ഷകളിന്മേൽ ഉടൻ തീർപ്പുണ്ടാക്കണം. കെഎൽഡിസിയുടെ വർക്കുകൾ അടിയന്തരമായി പൂർത്തിയാക്കണം. 2018 ലെ പ്രളയത്ത തുടർന്ന് റെഡ് സ്പോട്ടുകളായി കണ്ടെത്തിയിട്ടുള്ള ഇടങ്ങളിൽ പ്രത്യേക ശ്രദ്ധ ചെലുത്തണം.

വിശദമായ ചർച്ചകൾക്കൊടുവിൽ താഴെ പറയും പ്രകാരം തീരുമാനങ്ങൾ കൈക്കൊണ്ടു.

1. മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങളും ദുരന്തനിവാരണ പ്രവർത്തനങ്ങളും അസംബ്ലി നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഏകോപിപ്പിക്കുന്നതിന് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർമാരെ നോഡൽ ഓഫീസർമാരായും അതാത് ബ്ലോക്കുകളിലെ ജോയിന്റ് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർമാരെ അസിസ്റ്റന്റ് നോഡൽ ഓഫീസർമാരായും നിയമിക്കുന്നതാണ്. (നടപടി: ജില്ലാ കളക്ടർ, തൃശൂർ).
2. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ഓറഞ്ച് ബുക്കിലെ നിർദ്ദേശങ്ങൾ അതാത് വകുപ്പ് ഉദ്യോഗസ്ഥർ കർശനമായി പാലിക്കേണ്ടതാണ്. (നടപടി: എല്ലാ വകുപ്പ് മേധാവികൾക്കും.)
3. ജില്ലയിൽ പാടശേഖരങ്ങളിൽ / ജലാശയങ്ങളിൽ ജലത്തിന്റെ സ്വാഭാവിക ഒഴുക്കിനു തടസ്സം നേരിടുന്ന വിധത്തിലുള്ള മത്സ്യകൃഷികൾ യാതൊരു കാരണവശാലും നടത്തുവാൻ പാടുള്ളതല്ല. (നടപടി: ഇറിഗേഷൻ വകുപ്പ് / ഫിഷറീസ് വകുപ്പ് / പ്രിൻസിപ്പൽ കൃഷി ഓഫീസർ, തൃശൂർ / ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ.)
4. ജില്ലയിലെ ഡാമുകൾ / റഗുലേറ്ററുകൾ എന്നിവയുടെ ഷട്ടറുകൾ പ്രവർത്തനക്ഷമമാണോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. (നടപടി: എക്സിക്യൂട്ടീവ് എഞ്ചിനീയർ, മേജർ / മൈനർ / അഡീഷണൽ ഇറിഗേഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, റിസർച്ച് & ഡാം സേഫ്റ്റി ഡിവിഷൻ ഇടമലയാർ, കൺസ്ട്രക്ഷൻ എഞ്ചിനീയർ കെ. എൽ. ഡി. സി.)
5. ജില്ലയിൽ അപകടാവസ്ഥയിലുള്ള കെട്ടിടങ്ങളിൽ ആളുകൾ താമസിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതും അത്തരം കെട്ടിടങ്ങളുടെ താഴെ പകലോ രാത്രികാലങ്ങളിലോ ആളുകൾ കിടക്കുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. കൂടാതെ ശക്തമായ മഴയുള്ള സമയങ്ങളിൽ അത്തരം കെട്ടിടങ്ങളുടെ താഴെ ആളുകൾ നിൽക്കുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. (നടപടി: ജില്ലാ പോലീസ് മേധാവി, / തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ / ജില്ലാ ടൗൺ പ്ലാനർ.)
6. ജില്ലയിലെ പാതയോരങ്ങളിൽ അപകടകരമാംവിധത്തിലുള്ള ബാനറുകളോ ബോർഡുകളോ ഉണ്ടെങ്കിൽ ആയത് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. [നടപടി: പൊതുമരാമത്ത് വകുപ്പ് / ജില്ലാ പോലീസ് മേധാവി, തൃശൂർ (സിറ്റി/റൂറൽ)]

7. പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തരമായി പൂർത്തിയാക്കുകയും കാനകൾ വൃത്തിയാക്കുകയും ചെയ്യുക. (നടപടി: പൊതുമരാമത്ത് വകുപ്പ്, നിരത്ത് വിഭാഗം.)
8. ഏതെങ്കിലും തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടോ മറ്റോ കലുങ്കുകൾ, പാലങ്ങൾ എന്നിവക്ക് സമീപം കൂട്ടിയിട്ടിരിക്കുന്ന മണ്ണ്, മറ്റ് സാധന സാമഗ്രികൾ എന്നിവ ശക്തമായ മഴയുള്ള സമയത്ത് കലുങ്കുകളിലൂടെയുള്ള ജലനിർഗ്ഗമനത്തിനും, പാലങ്ങളുടെ അടിയിലൂടെയുള്ള ജലനിർഗ്ഗമനത്തിനും തടസ്സം സൃഷ്ടിക്കുവാൻ സാധ്യതയുള്ളതിനാൽ ആയത് അടിയന്തരമായി നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (നടപടി: പൊതുമരാമത്ത് വകുപ്പ് / തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾ.)
9. ജില്ലയിലെ ദേശീയപാത / പൊതുമരാമത്ത് / ഇറിഗേഷൻ / തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ അധീനതയിലുള്ളതും പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുംവിധത്തിൽ സ്ഥിതിചെയ്യുന്നതുമായ മരങ്ങൾ / ശിഖരങ്ങൾ എന്നിവ നീക്കം ചെയ്യേണ്ടതാണ്. (നടപടിഃ ദേശീയപാത / പൊതുമരാമത്ത് / ഇറിഗേഷൻ / തദ്ദേശസ്വയംഭരണ സ്ഥാപന ഉദ്യോഗസ്ഥർ. )
10. സ്വകാര്യഭൂമിയിലുള്ള അപകടകരമായ മരങ്ങൾ / ശിഖരങ്ങൾ എന്നിവ മുറിച്ച് മാറ്റുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട വ്യക്തികൾക്ക് / സ്ഥാപനങ്ങൾക്ക് നൽകി തുടർപ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്. (നടപടിഃ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന ഉദ്യോഗസ്ഥർ.)
11. ജില്ലയിലെ റോഡുകളിലും പാതയോരങ്ങളിലും പാടശേഖരങ്ങളിലും അപകടകരമായ വിധത്തിൽ സ്ഥിതിചെയ്യുന്ന ട്രാൻസ്ഫോർമറുകൾ, ഇലക്ട്രിക് പോസ്റ്റുകൾ, ഇലക്ട്രിക് ലൈനുകൾ എന്നിവ കണ്ടെത്തി അപകട ഭീഷണി ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. (നടപടിഃ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കെ.എസ്. ഇ. ബി, തൃശൂർ / ഇരിങ്ങാലക്കുട)
12. ജില്ലയിൽ അഗ്നി സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കാതെയുള്ള കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്നുണ്ടെങ്കിൽ അത്തരം കെട്ടിടങ്ങളുടെ ലിസ്റ്റ് പ്രത്യേകമായി തയ്യാറാക്കി നിയമപ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ്. (നടപടിഃ ജില്ലാ ഫയർ ഓഫീസർ / ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന ഉദ്യോഗസ്ഥർ / ടൗൺപ്ലാനിംഗ് ഉദ്യോഗസ്ഥർ.)
13. ജില്ലയിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ ഭീഷണി നേരിടുന്ന സ്ഥലങ്ങളിൽ താമസിക്കുന്നവരെ സുരക്ഷിതമായ ഇടങ്ങളിലേക്ക് മാറ്റിപാർപ്പിക്കേണ്ടതാണ്. (നടപടിഃ റവന്യൂ ഉദ്യോഗസ്ഥർ / ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന ഉദ്യോഗസ്ഥർ.)
14. ദുരന്തനിവാരണവുമായി ബന്ധപ്പെട്ട രക്ഷാപ്രവർത്തനങ്ങൾക്കായുള്ള ബോട്ട്, വഞ്ചി മുതലായ ഉപകരണങ്ങൾ സജ്ജമാക്കേണ്ടതാണ്. മത്സ്യതൊഴിലാളികൾക്കുള്ള എല്ലാവിധ കാലാവസ്ഥ മുന്നറിയിപ്പുകളും സമയാസമയങ്ങളിൽ നൽകേണ്ടതാണ്.(നടപടിഃ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.)

15. അടിയന്തര സാഹചര്യങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾക്കും മറ്റു അനുബന്ധ പ്രവർത്തനങ്ങൾക്കും ആവശ്യമായ ഉപകരണങ്ങൾ സജ്ജമാക്കേണ്ടതാണ്. (നടപടി: ജില്ലാ ഫയർ ഓഫീസർ.)

16. മുൻവർഷങ്ങളിൽ വെള്ളക്കെട്ട് രൂക്ഷമായി അനുഭവപ്പെട്ട പ്രദേശങ്ങളിൽ ആയത് ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. (നടപടി: ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന ഉദ്യോഗസ്ഥർ.)

17. ഡാമുകളുടെ റൂൾ കർവ് കൃത്യമായി പാലിക്കേണ്ടതും അണക്കെട്ടുകൾ തുറക്കേണ്ട സാഹചര്യമുണ്ടെങ്കിൽ 36 മണിക്കൂർ മുമ്പ് ആയത് സംബന്ധിച്ച വിവരം ജില്ലാ ദുരന്തനിവാരണ അതോറിറ്റിയെ അറിയിക്കേണ്ടതുമാണ്. ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ അനുമതി ലഭിച്ചതിനുശേഷം മാത്രമേ അണക്കെട്ടുകളിൽ നിന്നും വെള്ളം തുറന്നു വിടാൻ പാടുള്ളൂ. കൂടാതെ അണക്കെട്ടുകളിലെ ജലനിരപ്പ് ഓരോ 3 മണിക്കൂർ കൂടുമ്പോഴും ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണകേന്ദ്രത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. (നടപടി: എക്സിക്യൂട്ടീവ് എഞ്ചിനീയർ, മേജർ / മൈനർ / അഡീഷണൽ ഇറിഗേഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, റിസർച്ച് & ഡാം സേഫ്റ്റി ഡിവിഷൻ ഇടമലയാർ.)

18. ജില്ലയിൽ ഉപയോഗശൂന്യമായ പാറമടകളിൽ ഫെൻസിങ്ങ് ഇല്ലാത്ത ഇടങ്ങളിൽ ഫെൻസിങ്ങ് നടത്തി മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കേണ്ടതാണ്. (നടപടി: ജിയോളജിസ്റ്റ്, മൈനിംഗ് & ജിയോളജി.)

19. ജില്ലയിലെ പാടശേഖരങ്ങൾ അനധികൃതമായി പരിവർത്തനപ്പെടുത്തി ജലത്തിന്റെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന വിധത്തിൽ നിർമ്മിച്ചിട്ടുള്ള എല്ലാവിധ നിർമ്മാണങ്ങളും നീക്കം ചെയ്യേണ്ടതാണ്. (നടപടി: ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന ഉദ്യോഗസ്ഥർ / ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ / പ്രിൻസിപ്പൽ കൃഷി ഓഫീസർ.)

20. റോഡുകൾ, ജലാശയങ്ങൾ മുതലായ സ്ഥലങ്ങളിലെ അപകടസാധ്യതാ മേഖലകളിൽ മതിയായ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കേണ്ടതാണ്. (നടപടി: ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന ഉദ്യോഗസ്ഥർ, പൊതുമരാമത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ വകുപ്പ് ഉദ്യോഗസ്ഥർ.)

21. പുന്നയൂർക്കുളം പഞ്ചായത്തിലെ കോൾപ്പാടത്ത് കെഎൽഡിസി കനാൽ ബണ്ടിന്റെ ഉയരം കൂട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് കെഎൽഡിസി കൺസ്ട്രക്ഷൻ എഞ്ചിനീയറെ ചുമതലപ്പെടുത്തി.

22. ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്ന ഷണ്മുഖം കനാൽ വൃത്തിയാക്കുന്ന പ്രവൃത്തി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി

സ്വീകരിക്കുന്നതിന് അഡീഷണൽ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

23. തീരദേശ മേഖലകളിൽ സ്ഥാനം തെറ്റി കിടക്കുന്ന ജിയോബാഗുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സഹകരണത്തോടുകൂടി ഉടൻ പുനഃസ്ഥാപിക്കുന്നതിന് അഡീഷണൽ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.
24. ആഫ്രിക്കൻ ഒച്ചിനെ ഉന്മൂലം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പ്രിൻസിപ്പൽ കൃഷി ഓഫീസറെ ചുമതലപ്പെടുത്തി.

ജില്ലാ കളക്ടർ യോഗത്തിൽ പങ്കെടുത്ത് എല്ലാവർക്കും നന്ദി അറിയിച്ചു. യോഗം 2.00PM ന് അവസാനിച്ചു.

കളക്ടറേറ്റ്, തൃശ്ശൂർ,
തീയതി: 23.05.2021

ജില്ലാകളക്ടർ, തൃശൂർ

സ്വീകർത്താവ്:

1. ബഹു. റവന്യൂ & ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം)
2. ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന പിന്നോക്കക്ഷേമ ദേവസ്വം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം)
3. ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം)
4. ശ്രീ. എ.സി. മൊയ്തീൻ ബഹു. എം.എൽ.എ കുന്നംകുളം നിയോജകമണ്ഡലം (ആമുഖ കത്ത് സഹിതം)
5. ശ്രീ. എൻ. കെ. അക്ബർ, ബഹു. എം.എൽ.എ ഗുരുവായൂർ നിയോജകമണ്ഡലം (ആമുഖ കത്ത് സഹിതം)
6. ശ്രീ. മുരളി പെരുനെല്ലി, ബഹു. എം.എൽ.എ മണലൂർ നിയോജകമണ്ഡലം (ആമുഖ കത്ത് സഹിതം)
7. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ബഹു. എം.എൽ.എ വടക്കാഞ്ചേരി നിയോജകമണ്ഡലം (ആമുഖ കത്ത് സഹിതം)
8. ശ്രീ. പി. ബാലചന്ദ്രൻ ബഹു. എം.എൽ.എ തൃശൂർ നിയോജകമണ്ഡലം (ആമുഖ കത്ത് സഹിതം)
9. ശ്രീ. പി.പി. മുകുന്ദൻ ബഹു. എം.എൽ.എ നാട്ടിക നിയോജകമണ്ഡലം (ആമുഖ കത്ത് സഹിതം)
10. ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ ബഹു. എം.എൽ.എ കയ്പമംഗലം നിയോജകമണ്ഡലം (ആമുഖ കത്ത് സഹിതം)
11. ശ്രീ. കെ.കെ. രാമചന്ദ്രൻ ബഹു. എം.എൽ.എ പുതുക്കാട് നിയോജകമണ്ഡലം (ആമുഖ കത്ത് സഹിതം)
12. ശ്രീ. ടി.ജെ. സനീഷ് കുമാർ ജോസഫ് ബഹു. എം.എൽ.എ ചാലക്കുടി നിയോജകമണ്ഡലം (ആമുഖ കത്ത് സഹിതം)

13. ശ്രീ. വി.ആർ. സുനിൽകുമാർ ബഹു. എം.എൽ.എ കൊടുങ്ങല്ലൂർ നിയോജകമണ്ഡലം (ആമുഖ കത്ത് സഹിതം)
14. ബഹു. മേയർ, തൃശൂർ കോർപ്പറേഷൻ (ആമുഖ കത്ത് സഹിതം)
15. ശ്രീ. പി.കെ. ഡേവിസ് മാസ്റ്റർ ബഹു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്, തൃശൂർ (ആമുഖ കത്ത് സഹിതം)
16. ജില്ലയിലെ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപന പ്രസിഡണ്ടുമാർ / സെക്രട്ടറിമാർ
17. ജില്ലാ പോലീസ് മേധാവി തൃശൂർ സിറ്റി /റൂറൽ
18. ചാർജ്ജ് ഓഫീസർ, തൃശൂർ താലൂക്ക് & സബ്കളക്ടർ, തൃശൂർ
19. ചാർജ്ജ് ഓഫീസർ, തലപ്പിള്ളി താലൂക്ക് & ഡെപ്യൂട്ടി കളക്ടർ (എൽ.ആർ), കളക്ടറേറ്റ്, തൃശൂർ
20. ചാർജ്ജ് ഓഫീസർ, കുന്നംകുളം താലൂക്ക് & ഡെപ്യൂട്ടി കളക്ടർ (എൽ.എ), കളക്ടറേറ്റ്, തൃശൂർ
21. ചാർജ്ജ് ഓഫീസർ, മുകുന്ദപുരം താലൂക്ക് & റവന്യൂ ഡിവിഷണൽ ഓഫീസർ, ഇരിങ്ങാലക്കുട
22. ചാർജ്ജ് ഓഫീസർ, കൊടുങ്ങല്ലൂർ താലൂക്ക് & ഡെപ്യൂട്ടി കളക്ടർ (ഇലക്ഷൻ), കളക്ടറേറ്റ്, തൃശൂർ
23. ചാർജ്ജ് ഓഫീസർ, ചാലക്കുടി താലൂക്ക് & ഡെപ്യൂട്ടി കളക്ടർ (ആർ.ആർ), കളക്ടറേറ്റ്, തൃശൂർ
24. ചാർജ്ജ് ഓഫീസർ, ചാവക്കാട് താലൂക്ക് & ഡെപ്യൂട്ടി കളക്ടർ (ഡി.എം), കളക്ടറേറ്റ്, തൃശൂർ
25. എല്ലാ താലൂക്ക് തഹസിൽദാർമാർക്കും
26. അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ)
27. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശൂർ
28. എല്ലാ ജില്ലാ ഓഫീസർമാർക്കും
29. ജില്ലാ കളക്ടറുടെ സി.എ / അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന്റെ സി.എ
30. കെ1 കരുതൽ ഫയൽ